## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4373 28-06-2012-ൽ മറുപടിക്ക്

# നെയ്യാർ ഡാം-അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണം

| ചോദ്യം<br>ശ്രീ. എ. റ്റി. ജോർജ് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നെയ്യാർ ഡാം-അഞ്ചു ചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയ വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന നെയ്യാർഡാം - അഞ്ചു ചങ്ങല പ്രദേശം, നെയ്യാർ റിസർവോയറിന്റെ അഞ്ചു ചങ്ങല പ്രദേശവും ( ടി സ്ഥലം റവന്യു രേഖ പ്രകാരം ക്ലാമല റിസർവ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ) കുത്തകപാട്ട ഭൂമിയും നെയ്യാർ റിസർവ് എന്ന് ബി.റ്റി.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിന്റെയും ഫോറസ്റ്റിന്റെയും കൈവശത്തിലുള്ള ഭൂമിയും ഉൾപ്പെട്ടു വരുന്നതുമാണ്. അഞ്ചുചങ്ങല പ്രദേശത്തിനും ജലാശയത്തിനും ഇടയ്ക്കുള്ള ഭാഗങ്ങളിൽ ഡാം നിർമ്മിച്ചസമയത്ത് സ്ഥാപിച്ച MFL (Maximum Flood Level) കല്ലുകളിൽ ചിലത് ഇപ്പോഴും നിലവിലുള്ളതായും ടി കല്ലുകൾക്കും ജലാശയത്തിനും ഇടയ്ക്കുള്ള ഭാഗത്ത് താമസിക്കുന്നവർക്ക് യാതൊരു കാരണവശാലും പട്ടയം നല്കാൻ പാടുള്ളതല്ല എന്നും, ഇവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കേണ്ടതാണെന്നും റവന്യു-ഇറിഗേഷൻ വകുപ്പിന്റെ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതാണ് സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം നെയ്യാർഡാമിന്റെ പരമാവധി സംഭരണ ശേഷിയുടെ ലവൽ 84.75 മീറ്ററും, ഡാം റോഡിന്റെ ലവൽ 86.645 മീറ്ററും കൈവരിയുടെ മുകൾപരപ്പ് 86.559 മീറ്ററും ആണെന്നും മഴക്കാലത്ത് പരമാവധി സംഭരണത്തെക്കാൾ ജലനിരപ്പ് ഉയരുകയും സംഭരണശേഷി കഴിഞ്ഞുള്ളവ ഷട്ടർ തുറന്ന് ആറ്റിലേയ്ക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നതെന്നും മഴക്കാലത്ത് ജലനിരപ്പ് |

(.........2)

| | |
|---|---|
| | MFL നു മുകളിൽ ഒരു നിശ്ചിത ഉയരം സുരക്ഷിത സ്ഥലമായി സംരക്ഷിക്കേണ്ടതാണെന്നും ജലാശയത്തിനു സമീപം നിർമ്മിക്കുന്ന നിർമ്മിതികൾ വെള്ളം കയറാൻ സാധ്യതയില്ലാത്ത ഉയരത്തിലായിരിക്കണമെന്നും, ചീങ്കണ്ണി മുതലയായവയിൽ നിന്ന് സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണെന്നും ആയതിന് ജലസേചന വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും കാണുന്നു റിസർവ്വോയറിൽ നിന്നുള്ള ദുരപരിധി നിർണ്ണയിക്കുന്ന അതിരുകൾ ഇനിയൊരിക്കലും അതിക്രമിച്ചു കയറാൻ സാധ്യതയില്ലാത്തവിധം സ്ഥിരതയുള്ളതും വ്യക്തതയുള്ളതുമായ സ്ഥിരം കമ്പിവേലി നിർമ്മിച്ച് വേർതിരിക്കണമെന്നും റിസർവയറിന്റെ സംഭരണശേഷി നഷ്ടപ്പെടാതെയും കൃഷിക്കുപയോഗിക്കുന്ന കീടനാശിനികളും മറ്റു മാലിന്യങ്ങളും ഡാമിനെ മലിനപ്പെടുത്താതെ സംരക്ഷിക്കേണ്ടതുമാണ്.<br>പ്രസ്തുത സ്ഥലം Unsurveyed land- ൽ പ്പെട്ടതാകയാൽ ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കേണ്ടതും സർവ്വേ സംബന്ധമായ ആധികാരിക രേഖകൾ തയ്യാറാക്കേണ്ടതുമുണ്ട്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കേണ്ടതും ക്ലാമല റിസർവിൽപ്പെട്ടതും നെയ്യാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ വരുന്നതുമായ പ്രസ്തുത സ്ഥലത്തിന് കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ അഞ്ചുചങ്ങല പ്രദേശത്ത് ഭൂമി പതിവ് നടപടികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും ഡിവെസ്റ്റ് നോട്ടിഫിക്കേഷൻ ലഭിക്കേണ്ടതുമാണ്.<br>വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നല്കുന്നതിന് പ്രസ്തുത ഭൂമി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും മാറ്റി റവന്യു വകുപ്പിന് നൽകേണ്ടതും അഞ്ചു ചങ്ങല പ്രദേശത്തെ ഭൂമിയിൽ MFL ലവലിൽ നിന്നുള്ള 1 മീറ്റർ (MFL 86.6 M) വരെയുള്ള ഭൂമി സേഫ്റ്റി |

(............3)

| | |
|---|---|
| | സോൺ ആയി സൂക്ഷിക്കേണ്ടതും ടി ഭൂമി അളന്നു തിരിക്കേണ്ടതും പ്രത്യേകിച്ച് കല്ലിട്ടു വേർതിരിക്കേണ്ടതുമാകുന്നു. അപ്രകാരം അളന്നു തിരിക്കേണ്ട ഭൂമിയിൽ ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കാൻ വ്യക്തമായി അതിരുകൾ സ്ഥാപിച്ച് സ്ഥിരതയും വ്യക്തതയുള്ളതുമായ കമ്പിവേലി നിർമ്മിച്ച് അതിർ വരമ്പുകൾ കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത വകുപ്പുകളുടെ സമ്മതം ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. |
| ബി) പട്ടയ വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | ബി) പ്രസ്തുത പ്രദേശത്ത് പട്ടയ വിതരണം നടത്തുന്നതിന് ഒരു സ്പെഷ്യൽ ഓഫീസ് രൂപീകരിച്ചിട്ടുള്ളതും പട്ടയം ലഭിക്കുവാനുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളതുമാണ്. കൂടാതെ റവന്യൂ-ഇറിഗേഷൻ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതുമാണ്. |

(signature)
സെക്ഷൻ ഓഫീസർ